## മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി

# പരിഹരിച്ചതു പതിനേഴായിരത്തിലധികം പരാതികൾ

സ്വന്തം ലേഖകൻ



**അതിവേഗം പരിഹാരം...** തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ ഇന്നലെ നടന്ന മുഖ്യമന്ത്രിയുടെ പൊതുജനസമ്പർക്ക പരിപാടിയിൽ പരാതികൾ സ്വീകരിക്കുന്ന മുഖ്യമന്ത്രി ഉമ്മൻചാണ്ടി. തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ മനോജ് ഏബ്രഹാം, മന്ത്രി വി.എസ്. ശിവകുമാർ എന്നിവർ സമീപം. - അനിൽ ഭാസ്കർ

**തിരുവനന്തപുരം:** മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി ചരിത്രമാകുന്നു. ഇന്നലെ രാവിലെ ഒമ്പതിന് തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ തുടങ്ങിയ ജനസമ്പർക്ക പരിപാടിയാണു പരാതികൾ പരിഹരിക്കുന്നതിൽ റിക്കാർഡ് ഇട്ടത്. രാത്രി 11 വരെ പരിഗണനക്കെത്തിയ വിവിധ മേഖലകളിൽ നിന്നുള്ള 30000 ൽ പരം അപേക്ഷകളിൽ 20,000 ത്തിലധികവും തീർപ്പാക്കി.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് മാത്രമായി ഈ സമയത്തിനുള്ളിൽ 60 ലക്ഷത്തിലധികം രൂപ അനുവദിച്ചു. 12,200 അപേക്ഷകളാണ് ഇതിനായി ലഭിച്ചത്.

എപിഎൽ റേഷൻ കാർഡുകൾ ബിപിഎല്ലിലേക്ക് മാറ്റാനായി 7400 അപേക്ഷകൾ ലഭിച്ചു. ഇതിൽ 420 എണ്ണം ബിപിഎല്ലിലേക്ക് മാറ്റി. വികലാംഗരുടെ പെൺമക്കളുടെ വിവാഹ ധനസഹായത്തിന് ലഭിച്ച 55 അപേക്ഷകളിൽ അഞ്ചര ലക്ഷം രൂപ അനുവദിച്ചു. വനാവകാശ നിയമപ്രകാരം 205 പേർക്ക് വനാവകാശ രേഖ കൈമാറി. ഉന്നതവിദ്യാഭ്യാസം ചെയ്യുന്ന എസ് സി ,എസ്.ടി വിഭാഗത്തിലെ 24 പേർക്ക് ലാപ്ടോപ് നൽകി. വിധവ, വികലാംഗ വിഭാഗത്തിൽ ലഭിച്ച 740 അപേക്ഷകളിന്മേൽ പെൻഷൻ അനുവദിച്ചു. ഖാദിഗ്രാമ വ്യവസായ ബോർഡ്, ജില്ലാ വ്യവസായ കേന്ദ്രം എന്നിവ വഴി സ്വയം തൊഴിൽ പദ്ധതി പ്രകാരം 24 പേർക്ക് ഒരു ലക്ഷം രൂപ വീതം അനുവദിച്ചു. വന്യജീവി ആക്രമണത്തിൽപെട്ട 15 പേർക്ക് മൂന്നുലക്ഷം രൂപവീതം അനുവദിച്ചു.

ലീഡ് ബാങ്ക് മുഖേന 30 പേർക്ക് സ്വയം തൊഴിൽ പദ്ധതി പ്രകാരം 30 ലക്ഷം രൂപ അനുവദിച്ചു. പട്ടയത്തിനായി ലഭിച്ച 7840 അപേക്ഷകൾ രണ്ടാഴ്ചയ്ക്കകം തീർപ്പാക്കാൻ മുഖ്യമന്ത്രി നിർദേശിച്ചു. വികലാംഗർ, വിധവകൾ, തുടങ്ങിയവർക്കുള്ള പെൻഷൻ, കുടുംബപെൻഷൻ, വീട് നിർമ്മിക്കാനും പുനരുദ്ധരിക്കാനും പഠനാവശ്യങ്ങൾക്കുള്ള ധനസഹായങ്ങൾ, കടം എഴുതിതള്ളാനും വായ്പകളുടെ തിരിച്ചടവ് സാവകാശം ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ തുടങ്ങിയ വിഷയങ്ങളിലാണ് കൂടുതൽ അപേക്ഷകളും പരാതികളും ഉണ്ടായിരുന്നത്.

ജനസമ്പർക്ക പരിപാടിയിൽ അപേക്ഷയുമായി എത്തിയ വികലാംഗർക്ക് ട്രൈവീലറുകളും അനുവദിച്ചു.